പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3133 20.12.2012 ൽ മറുപടിക്ക്

# ഗുണ നിലവാരമുള്ള റോഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഗുണനിലവാരമുള്ളതും ദീർഘകാലം നിലനിൽക്കുന്നതുമായ റോഡുകളുടെ നിർമ്മാണം വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുവോ; (ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്ത് പദ്ധതിയാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നല്കുമോ ; | (എ)&(ബി) ഉണ്ട്. കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽപ്പെടുത്തി 363 കി.മീ. റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ അപ്ഗ്രേഡ് ചെയ്യുവാൻ ഉദ്ദേശിക്കുന്നു. ഇത് ലോക ബാങ്ക് ധനസഹായത്തോടു കൂടി 2013 മാർച്ചിൽ തുടങ്ങുവാനാണ് ലക്ഷ്യമിടുന്നത്. |
| (സി) റബ്ബറൈസ്ഡ് റോഡുകളുടെ ഈടു നില്പ് വിലയിരുത്തിയിട്ടുണ്ടോ ; എന്തെല്ലാം സവിശേഷതകളാണ് ഇത്തരം റോഡുകൾക്കുള്ളത് ; | (സി) ഇല്ല. കെ.എസ്.ടി.പി. ചെയ്യുന്ന റോഡു നിർമ്മാണത്തിൽ റോഡിന്റെ ഉപരിതലം റബ്ബറൈസ്ഡ് ബിറ്റുമെൻ ഉപയോഗിച്ചാണ് ചെയ്യുന്നത്. മഴ കൂടുതൽ കിട്ടുന്ന കേരളത്തിന്റെ സവിശേഷമായ സാഹചര്യത്തിൽ റബ്ബറൈസ്ഡ് ബിറ്റുമെൻ സാധാരണ ബിറ്റുമെനെക്കാൾ ഫലപ്രദമെന്ന് കാണുന്നു. |
| (ഡി) സംസ്ഥാന വ്യാപകമായി റബ്ബറൈസ്ഡ് റോഡുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (ഡി) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകളും, മേജർ ജില്ലാ റോഡുകളും റബ്ബറൈസ്ഡ് ബിറ്റുമെൻ ഉപയോഗിച്ച് ഉപരിതലം പുതുക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. ദേശീയ പാതകൾ നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമെൻ **(NRMB)** ഉപയോഗിച്ചാണ് ടാറിംഗ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ